പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1681 02.07.2015 - ൽ മറുപടിയ്ക്ക്

## സൗജന്യമായി കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി

ചോദ്യം

ശ്രീ.ബി.ഡി. ദേവസ്സി

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അഞ്ചു വയസിൽ താഴെയുള്ള കുഞ്ഞുങ്ങൾക്ക് 'കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി' സഹായം ലഭിക്കുന്നതിന് കുടുംബത്തിന്റെ വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അത് എത്രയാണെന്ന് അറിയിക്കാമോ ; | (ബി) | കുടുംബത്തിന്റെ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപ വരെയുള്ള കുടുംബങ്ങളിലെ കുട്ടികൾക്കാണ് ശ്രുതിതരംഗം പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നത്. |
| (സി) | താഴ്ന്ന വരുമാനക്കാരായ സർക്കാർ ജീവനക്കാർ അടക്കമുള്ളവരുടെ കുട്ടികളുടെ കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടത്താൻ സാധിക്കുമോ ; | (സി) | രണ്ട് ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് ശ്രുതിതരംഗം പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. കൂടാതെ ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ 25.04.2013 ലെ സ.ഉ (പി) നം.148/2013/ആകുവ പ്രകാരം സർക്കാർ ഉദ്യോഗസ്ഥർക്ക് 5.5 ലക്ഷം രൂപ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് അനുവദിക്കുന്നുണ്ട്. |
| (ഡി) | വരുമാനപരിധിയില്ലാതെ രോഗബാധിതരായ മുഴുവൻ കുട്ടികൾക്കും കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി സൗജന്യമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | ഒരു കോക്ലിയർ ഇംപ്ലാന്റിന്റെ വില 4.45 ലക്ഷം രൂപയാണ്. വരുമാന പരിധിയില്ലാതെ രോഗബാധിതരായ മുഴുവൻ കുട്ടികളെയും ശ്രുതിതരംഗം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ